കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അയിലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-പി18-1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തീയതി: 08.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ-പികെഡി പി18-1645/2017 തിയ്യതി: 08.09.2017.

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-10-2016 മുതൽ 8-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.എം.രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-8-2017 മുതൽ 17-8-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.വി.കെ.രാധാകൃഷ്ണൻ | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.കെ.സുകുമാരൻ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.നടരാജൻ.കെ | 1-4-2016 മുതൽ 30-4-2016 വരെ |
| | ശ്രീ.ഇ.ഷാജഹാൻ | 1-5-2016 മുതൽ 3-6-2016 വരെ |
| | ശ്രീ.എസ്.ഹരികുമാർ | 3-6-2015 മുതൽ 13-10-2016 വരെ |
| | ശ്രീ.ജോയ്സി വർഗ്ഗീസ് | 14-10-2016 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.എം.റസ്വൽ ഹാരിസ് | 1-4-2016 മുതൽ 24-10-2016 വരെ |
| | ശ്രീ.ഉണ്ണി റാം.എ.എച്ച് (താത്കാലികം) | 25-10-2016 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ - 1 | ശ്രീ.എ.ഫാജിഷ് വഹാബ് | 1-4-2016 മുതൽ 24-6-2016 വരെ |
| | ശ്രീ.രവീന്ദ്രൻ.കെ | 25-6-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 2 | ശ്രീ.കെ.ശിവദാസൻ | 1-4-2016 മുതൽ 2-11-2016 വരെ |
| | ശ്രീമതി. രാധിക.എൻ | 3-11-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്ത.സി.ജി | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.തോമസ്.പി.ജോൺ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.വി.വിജയൻ | 1-4-2016 മുതൽ 28-6-2016 വരെ |
| | ഡോ.കീർത്തി അശോകൻ കുന്നത്തുള്ളി | 29-6-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.മഹേഷ്.എ.കെ | 1-4-2016 മുതൽ 27-8-2017 വരെ |
| | ഡോ.ഐശ്വര്യ.പി | 28-8-2016 മുതൽ 31- 3-2017 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഷെനിൻ.പി.മെഴ്സ്‌ലി | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീ.എൻ.മുരളീധരൻ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.എസ്.ഹരികുമാർ | 1-4-2016 മുതൽ 4-1-2017 വരെ |
| | ശ്രീ.അഭയൻ.സി | 5-1-2017 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റജീനാ ജോർജ്ജ് | 1-4-2016 മുതൽ 6-10-2016 വരെ |
| | ശ്രീ.ഐ.ഫൈസൽ | 7-10-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രിക | 1-11 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അനധികൃതമായി വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 2 | തൊഴിൽനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-2 |
| 3 | റവന്യൂ വർദ്ധനവിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 2-3 |
| 4 | വസ്തുനികുതി പരിശോധനയിന്മേലുള്ള അപാകതകൾ | 2-4 |
| 5 | വാടക - രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 2-5 |
| 6 | നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ് | 2-6 |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-1 |
| 2 | അസാധാരണ ചെലവുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ് | 3-2 |
| 3 | സൗരോർജ്ജ പവർ പ്ലാന്റിലെ ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് | 3-3 |
| 4 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-4 |
| 5 | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-5 |
| 6 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-6 |
| 7 | വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3-7 |
| 8 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-8 |
| 9 | തോട്കാട് കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ പഞ്ചായത്തിലേക്ക് തിരിച്ചേൽപ്പിച്ചില്ല | 3-9 |
| 10 | പറയമ്പള്ളം എസ്.സി കോളനി കുടിവെള്ള പദ്ധതി – ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയില്ല | 3-10 |
| 11 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- അയിലൂർ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3-11 |
| 12 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടികൾ ആവശ്യപ്പെടുന്നു | 3-12 |
| 13 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകങ്ങൾ | 3-13 |
| 14 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-14 |
| 15 | കറവപശു വളർത്തൽ - സബ്സിഡി മാനദണ്ഡത്തിന് വിരുദ്ധമായി അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം | 3-15 |

| | | |
|---|---|---|
| | അനുവദിച്ചു | |
| 16 | കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-16 |
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നില്ല | 3-17 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 3-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 168270000 രൂപയും ചെലവ് 166555500 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 20-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13918499 |
| വരവ് | 62780550 |
| ആകെ | 76699049 |
| ചെലവ് | 58932475 |

| | |
|---|---|
| നീക്കിയിരിപ്പ് | 17766574 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14817849 | 14817849 | 14817849 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 3721424 | 3721424 | 3721424 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 44313 | 44313 | 44313 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6505578 | 6505578 | 6505578 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1255171 | 1255171 | 1255171 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9131933 | 9131933 | 9131933 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2147707 | 2147707 | 2147707 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 13357 | 25517182 | 25530539 | 25343986 | 186553 |
| ബി ഫണ്ട് | 0 | 44664505 | 44664505 | 44664505 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 247 | 101963377 | 107 | 41013851 | - | 140 | 40 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 43% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 40% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 6944050 | 2140000 | 31 |
| വി.ഇ.ഒ - 1 | 5 | 4 | 2038500 | 1290000 | 63 |
| വി.ഇ.ഒ - 2 | 5 | 3 | 12191000 | 8846000 | 73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 5421167 | 3770866 | 70 |
| സെക്രട്ടറി | 35 | 19 | 11863418 | 5928421 | 50 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 168 | 56 | 50864137 | 13329154 | 26 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 457192 | 361863 | 79 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ISM | 3 | 2 | 770000 | 600000 | 78 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 3210000 | 371250 | 12 |
| എച്ച്.എം | 4 | 4 | 1111000 | 1111000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1175000 | 899597 | 77 |
| അസി.സെക്രട്ടറി | 8 | 4 | 5917913 | 2365700 | 40 |
| ആകെ | 247 | 107 | 101963377 | 41013851 | 40% |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1111095 | 4097604 | 2986509 | (+)269 |
| നികുതിയേതര വരവുകൾ | 520690 | 724890 | 204200 | (+)39 |
| ആകെ | 1631785 | 4822494 | 3190709 | (+)196 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനം എടുത്തതിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 14 | 14 | 1 |
| 2 | തൊഴിൽ രഹിത വേതനം | - | - | - |
| 3 | വിധവാ പെൻഷൻ | 139 | 139 | 21 |
| 4 | വികലാംഗ പെൻഷൻ | 33 | 33 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 568 | 568 | 53 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-8-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 13575 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14-6-2017 | 5/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-10-2015 മുതൽ 17-1-2015 | 2009-10 മുതൽ 2013-14 | 30-3-2015 | - |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. 2015-16, 2016-17 വർഷങ്ങളിലെ വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം വിലയിരുത്തൽ.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃതമായി വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 729 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 565 |

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 4 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ ന്ന മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 0 |
| ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 8 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/പിരിഷെഡ് | 44 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 70 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 38 |
| ആകെ | 729 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 729 കെട്ടിടങ്ങളിൽ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 150 എണ്ണം മാത്രമാണ്. വാണിജ്യ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴിവാക്കിയാൽ തന്നെ ഏകദേശം 75% ൽ അധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്.

ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകി ഓഡിറ്റ് അന്വേഷണം നം.15/16-8-2017 നുള്ള മറുപടിയിൽ "ഗ്രാമീണ മേഖലയായതിനാൽ ഭൂരിഭാഗം മുറികളിലും കച്ചവടം നടക്കുന്നില്ല എന്നും 2017-18 ൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കാമെന്നും" അറിയിച്ചിട്ടുണ്ട്. ആവശ്യമായ ഫീൽഡ് വിസിറ്റ് നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ

നികുതിക്ക് വിധേയനാകും. 204 ii (b) വകുപ്പ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ (അയിലൂർ, അടിപ്പെരണ്ട, കല്ലംപറമ്പ്, കയറാടി, തലവട്ടാംപാറ) | I, II |
| 2 | കനറാബാങ്ക്, കയറാടി | I |

സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | പ്രഭ ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം (അയിലൂർ, അടിപ്പെരണ്ട, കല്ലംപറമ്പ്, കയറാടി, തലവട്ടാംപാറ) |

തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സ്വകാര്യ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ് (ട്രസ്റ്റ്) ഹയർ സെക്കന്ററി പബ്ലിക് സ്കൂൾ, എം.ഇ.എസ് (ട്രസ്റ്റ്) പബ്ലിക് സ്കൂൾ, ശബരി സെൻട്രൽ സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പത്രികകൾ പരിശോധിച്ചതിൽ അധ്യാപകരുടെ വേതനം വളരെ കുറവായി കണക്കാക്കിയാണ് കുറഞ്ഞ നിരക്കിലുള്ള തൊഴിൽനികുതി അടവാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(M.S)No. 36/11 /G.Edn ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ 01.01.2011 മുതലുള്ള കുറഞ്ഞ വേതനം നിശ്ചയിച്ചിട്ടുണ്ട്. ഹെഡ് മാസ്റ്റർക്ക് 7000 രൂപയും പ്രൈമറി അധ്യാപകർക്ക് 5000രൂപയുമാണ് പ്രതിമാസം ഏറ്റവും കുറഞ്ഞ ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിലെ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ശമ്പളനിരക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. (CBSE/AFF./CIRCULARS/2009, CIRCULAR NO. 01, DATED : 29.07.2009).

ഈയിനത്തിൽ പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. ഉത്തരവുകൾക്ക് അനുസൃതമായി തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.15, തിയതി 16-8-2017)

## 2-3 റവന്യൂ വർദ്ധനവിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി

ഏർപ്പെടുത്താവുന്ന പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

1) വസ്തു നികുതിയോടൊപ്പം ഈടാക്കുന്ന സർവ്വീസ് സെസ്സ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം സർവ്വീസ് സെസ്സ് ഓൺ പ്രോപ്പർട്ടി ടാക്സ് എന്ന ഹെഡിൽ തൻ വർഷത്തിൽ വരവുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയോടൊപ്പം 20% ആണ് സ്രവ്വീസ് സെസ്സ് ഈടാക്കുന്നത്. വസ്തുനികുതി രേഖകളുടെ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം സർവ്വീസ് സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയ തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | സ്രവ്വീസ് സെസ്സ് ഓൺ പ്രോപ്പർട്ടി |
|---|---|

| | ടാക്സ് | | | |
|---|---|---|---|---|
| | കളക്ഷൻ | | ബാലൻസ് | |
| | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| സഞ്ചയ പ്രകാരം | 391881 | 255976 | 279513 | 60440 |
| അക്കൗണ്ട്സ് പ്രകാരം | 258161 | 156825 | 192538 | 159591 |

ഓഡിറ്റ് അന്വേഷണം നം.15/16-8-2017 നുള്ള മറുപടിയിൽ സഞ്ചയ സാംഖ്യ ഇന്റഗ്രേഷന്റെ ഭാഗമായുണ്ടായ വ്യത്യാസമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

അയിലൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതിയിൽ 2016-17 വർഷം കണക്കുകൾ പ്രകാരം 3211433 രൂപ വസ്തു നികുതിയിനത്തിൽ വരവുണ്ടെങ്കിലും 1727660 രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഡിമാന്റ് നോട്ടീസ് വിതരണം, ഫീൽഡ് കളക്ഷൻ, ക്യാംപ് കളക്ഷൻ മുതലായ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കൂടുതൽ നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

3) ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തു പരിധിയിൽ ആകെ 9 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 8 മൊബൈൽ ടവറുകളുടെയും 2016-17 വരെയുള്ള വസ്തുനികുതി ഈടാക്കിയിട്ടുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. ശേഷിക്കുന്ന ഒരെണ്ണം ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ളതാണ്. കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

ബി.എസ്.എൻ.എൽ ടവർ, മുബാറക്ക് സ്റ്റോർ കോംപ്ലക്സ്
അസസ്സ്മെന്റ് ഇയർ – 2011-12
2011-12 മുതൽ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക – 23332

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.11, തിയതി-14-8-2017)

## 2-5 വാടക - രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 ഷോപ്പിംഗ് കോംപ്ലക്സുകൾ (അയിലൂർ, അടിപ്പെരണ്ട) നിലവിലുണ്ട്. അയിലൂരിൽ 14 മുറികളും അടിപ്പെരണ്ടയിൽ 10 മുറികളുമാണുള്ളത്. ഇതിൽ അയിലൂരിലെ 2 മുറികൾ നിലവിൽ ഗ്രാമസേവാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ബാക്കിയുള്ള 22 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. തൻവ്രഷത്തെ വാടകയിനത്തിലുള്ള വരവിന്റെ പരിശോധനയിൽ വാർഷിക കണക്കുകളിൽ വാടക ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാടക രജിസ്റ്ററിലെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 161053 | 140515 | 20518 |
| അക്കൗണ്ട്സ് പ്രകാരം | 140664 | 152568* | 38617 |

*കുടിശ്ശിക ഉൾപ്പെടെയുള്ള വരവ്

ഓഡിറ്റ് അന്വേഷണം നം.15/16-8-2017 നുള്ള മറുപടിയിൽ തന്നാണ്ടിന്റെ ഹെഡിൽ വരവു വെക്കേണ്ടതായ തുക കുടിശ്ശികയുടെ ഹെഡിൽ ഉൾപ്പെടുത്തിയതിനാലാണ് അപാകത സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 2-6 നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി മുൻ വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ 3 ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട് അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ (പ്ലാൻ ഫണ്ട് അക്കൗണ്ട്) | 8200 | 1094737 |
| 2 | കനറാബാങ്ക്, കയറാടി(എസ്.എസ്.എ) | 6367 | 432697 |
| 3 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ (ബി.ആർ.ജി.എഫ് അക്കൗണ്ട്) | 13515 | 222874 |

നോൺ ബാങ്കിംഗ് ട്രഷറി സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾ ഇടപാടുകൾ നടത്തുന്നതിനായി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഒരു ബാങ്ക് അക്കൗണ്ട് തുറക്കുവാൻ അനുവാദമുണ്ടായിരുന്നു. അക്കൗണ്ടിംഗ് രീതി മാറിയിട്ടും സെക്രട്ടറി, കൃഷി ഓഫീസർ, എച്ച്.എം തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ ഈ അക്കൗണ്ടുകൾ ഇപ്പോഴും അവസാനിപ്പിച്ചിട്ടില്ല. ആയതിനാൽ നോൺ ബാങ്കിംഗ് ട്രഷറി നിലവിലുണ്ടായിരുന്ന കാലയളവിൽ തുറന്ന അക്കൗണ്ടുകൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവസാനിപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18 തിയതി-17-8-2017)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 130 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ പ്രതിവർഷ നിരക്കിൽ 56875 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 682500 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം. 12/14-18-2017 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 അസാധാരണ ചെലവുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

2016-17 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന്

രേഖപ്പെടുത്തുന്നില്ല.

അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 646/30-12-2016 | 2250 | ഹരിത കേരളം പദ്ധതി ഉത്ഘാടനം - ജനറേറ്റർ, സ്റ്റേജ്, ടേബിൾ, സൗണ്ട് എന്നിവയ്ക്കായുള്ള ചെലവ്. |
| 647/30-12-2016 | 4750 | |
| 675/4-1-2017 | 5000 | |

ഓഡിറ്റ് അന്വേഷണം നം. 12/14-8-2017 നുള്ള മറുപടിയിൽ തുടർന്നുള്ള ചെലവുകൾ നിർവ്വഹിക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 സൗരോർജ്ജ പവർ പ്ലാന്റിലെ ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്

8/17-ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിൽ സോളാർ പാനൽ സിസ്റ്റം സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 600000 രൂപ (കെ.എൽ.ജി.എസ്.ഡി.പി)

2016-17 വർഷത്തെ ചെലവ് - 293501 (ഭാഗികം)

ബിൽ നം. 8/24-3-2017 – 293501

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ പദ്ധതി നിർവ്വഹണ രേഖകളും പ്രവർത്തനവും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ്

നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. ടെണ്ടർ നടപടികളുടെ വിവരം

പദ്ധതി നടത്തിപ്പിനായി അനർട്ടിൽ നിന്നും ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് 5 KW ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ലഭ്യമായ 3 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെൽട്രോണിന്റെ ടെണ്ടർ അംഗീകരിക്കുയും ചെയ്തു. ആയതനുസരിച്ച് 587000 രൂപയ്ക്ക് കെൽട്രോണിന് 27-2-2017 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

സ്പെസിഫിക്കേഷൻ പ്രകാരം 5KW പ്ലാന്റ്, 36000 WH ശേഷിയുള്ള 12V ബാറ്ററി, 5 KVA ഇൻവർട്ടർ എന്നിവയാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ഇനങ്ങൾക്കും 5 കൊല്ലം വാറണ്ടിയും പാനലിന് 25 വർഷം വാറണ്ടിയും ഉറപ്പാക്കേണ്ടതാണെന്ന് നിബന്ധനയുണ്ടായിരുന്നു.

ബി. ടെണ്ടർ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ

ടെണ്ടർ ലഭിച്ചതനുസരിച്ച് കെൽട്രോൺ പ്ലാന്റ് സ്ഥാപിച്ചു നൽകിയിട്ടുണ്ട്. 2-6-2017 ന് അനർട്ടിന്റെ ജില്ലാ എഞ്ചിനിയർ പ്ലാന്റ് പരിശോധിച്ചപ്പോൾ 36000 WH ശേഷിയുള്ള ബാറ്ററിക്കു പകരം 9600 WH ശേഷിയുള്ള ബാറ്ററിയാണ് കെൽട്രോൺ സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടെത്തുകയും വിവരം പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 9-6-2017 ലെ കത്ത് നം. A3-3053/17 പ്രകാരം അപാകത പരിഹരിക്കുവാൻ ഗ്രാമപഞ്ചായത്ത് കെൽട്രോണിനോട് ആവശ്യപ്പെട്ടതനുസരിച്ച് കൃത്യമായ ശേഷിയുള്ള ബാറ്ററി സ്ഥാപിച്ചു നൽകിയിട്ടുണ്ട്.

സോളാർ പ്ലാന്റ് അനർട്ട് വീണ്ടും പരിശോധിക്കുകയും 21-7-2017 നെ കത്ത് നം. 10/SPP/PO/ANERT(PL)/16 പ്രകാരം ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 5KW ന്റെ 80% ലോഡ് ഉപയോഗപ്പെടുത്താമെന്നും അനർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സി. അനർട്ടിന്റെ കൺസൾട്ടൻസി ചാർജ്ജ്

20-1-2017 ലെ അനർട്ടിന്റെ 10/SPP/PO/ANERT(PL)/16 നം. കത്ത് പ്രകാരം സൗരോർജ്ജ പവർ പ്ലാന്റ് അനർട്ടിന്റെ കൺസൾട്ടൻസി വർക്കായി സ്ഥാപിക്കുന്നതിന് പ്രൊജക്റ്റ് കോസ്റ്റിന്റെ 6% തുക ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. അനർട്ടിന് കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റ് (പ്രൊ.നം. 262/17) പ്രകാരം 50000 രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയെങ്കിലും തൻ വർഷം തുകയൊന്നും നൽകിയിട്ടില്ല.

ഡി. പ്ലാന്റിന്റെ നിലവിലെ സ്ഥിതി

പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ മാത്രമാണ് നിലവിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നത്. പ്ലാന്റിന്റെ ആകെ ശേഷിയുടെ 30% ഊർജ്ജം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 50% ശേഷി പ്രയോജനപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇ, വൈദ്യുതി ചാർജ്ജ്

പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 57% കുറവുണ്ടായിട്ടുണ്ട്.കെട്ടിടത്തിന്റെ എല്ലാ ഭാഗത്തും സൗരോർജ്ജം പ്രയോജനപ്പെടുത്തിയാൽ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

എഫ്. ഓഡിറ്റ് നിരീക്ഷണങ്ങൾ/ ശുപാർശകൾ

1. പഞ്ചായത്ത് കെട്ടിടത്തിൽ പ്ലാന്റിന്റെ ശേഷിയുടെ 30% മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. അനർട്ടിന്റെ കണക്കനുസരിച്ച് 50% ഊർജ്ജം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. കെട്ടിടത്തിന്റെ എല്ലാ ഭാഗത്തും സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കെൽട്രോണിന് ഭാഗികമായി മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. അവസാന ബിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അനർട്ടിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിലും അനർട്ടുമായി കൺസൾട്ടൻസി എഗ്രിമെന്റ് ഒപ്പുവെക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
4. പ്ലാന്റിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനായി തുടർ നിരീക്ഷണം നടത്തേണ്ടതാണ്.
5. വാറണ്ടി കാലയളവിനുള്ളിൽ സംഭവിക്കുന്ന കേടുപാടുകൾ കെൽട്രോണിന്റെ ഉത്തരവാദിത്തത്തിൽ തീർക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 16/16-7-2018 നുള്ള മറുപടിയിൽ അനർട്ടിന്റെ ഫീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്ലാന്റിന്റെ ശേഷിയുടെ പരമാവധി പ്രയോജനപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെൽട്രോണിന്റെ ബാക്കി ബിൽ തുക ഉടൻ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള

നടപടികൾ അഭിനന്ദനാർഹമാണ്.



പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾ നിലയിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനൽ

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനു വേണ്ടി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികൾ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. 2015-16, 2016-17 വർഷങ്ങളിൽ ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം- വികസന ഫണ്ട്

| ക്രമ നം. | വർഷം | പ്രൊജക്റ്റ് | ചെലവ് |
|---|---|---|---|
| 1 | 2015-16 | 35/16- പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ് - | 1399701 |
| 2 | 2015-16 | 269/16-പഞ്ചായത്ത് ഓഫീസിൽ ടച്ച് സ്ക്രീൻ കിയോസ്ക് | 128000 |

| | | | |
|---|---|---|---|
| 3 | 2015-16 | 285/16-ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചറുകൾ | 1072909 |
| ആകെ | | | 2600610 |

ബി. നടപ്പിലാക്കുവാനുള്ള പ്രൊജക്റ്റുകളുടെ വിവരം

ഐ.എസ്.ഒ സർട്ടിഫിക്കേഷനുവേണ്ടി താഴെ പറയുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

ഫണ്ട്- വികസന ഫണ്ട്

| ക്രമ നം. | വർഷം | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 2015-16 | 271/16-ടോക്കൺ വൈൻഡിംഗ് മെഷീൻ, ഡിസ്പ്ലേ ബോർഡ് | 100000 |
| 2 | 2016-17 | 12/17-എൽ.ഇ.ഡി ടിവി | 40000 |
| 3 | 2016-17 | 21/17-ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ | 110000 |

സർട്ടിഫിക്കേഷൻ നേടുന്നതിനായി മേൽ പട്ടികയിലെ പദ്ധതികൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്.

സി. നിലവിലെ സ്ഥിതി

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം പൂർണ്ണമായും പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. എല്ലാ മുറികളുടേയും ഫർണ്ണീഷിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ വൈദ്യുതിക്കായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടച്ച് സ്ക്രീൻ കിയോസ്ക്, സി.സി ടിവി സംവിധാനം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിന്റെ ഭൗതിക സാഹചര്യവും മെച്ചപ്പെട്ടതാണ്.

ഡി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സേവന ഗുണമേന്മ എന്ന ലക്ഷ്യത്തോടെ പൗരൻമാർക്ക് തൃപ്തികരവും കാല വിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുകയെന്നതാകണം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന ലക്ഷ്യം. ആയതിലേക്ക് ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കേണ്ടതാണ്. ഭരണസംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഭരണസംവിധാനത്തിന്റെ ഗുണമേന്മയുള്ള മുഖമുദ്രയായ ഐ.എസ്.ഒ.9001:2008 കരസ്ഥമാക്കുകയും ചെയ്യാം.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുവാനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിന്റെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധതിതമാണെന്ന് ഉറപ്പുവരുത്തുക.

4. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

5. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മാ സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.

6. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

7. ഓഫീസ് സംവിധാനവും, ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

8. ഗുണമേന്മാ സംവിധാനം ഉറപ്പാക്കുന്നതിനായി ഓഫീസ് സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങളുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേർണൻസ്, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസ് താഴത്തെ നിലയിൽ നിന്ന് മുകളിലത്തെ നിലയിലേക്ക് മാറ്റിയതിനുശേഷം റാക്കുകൾ നിർമ്മിക്കേണ്ടതുണ്ടെന്നും ആയതിനുള്ള തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം. 13/14-8-2017 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനു ശേഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



അയിലൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടം

## 3-5 വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തുന്നതിനായി വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ടെങ്കിലും വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 10/17- വൈദ്യുതി ലൈൻ വലിക്കൽ-വാർഡ് 8 | 29/29-3-2017 | 50000 | വികസന ഫണ്ട് |
| 2 | 22/17-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ | 30/29-3-2017 | 38905 | വികസന ഫണ്ട് |
| 3 | 213/17-വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ വലിക്കൽ | വൗ.നം. 21601075/ 31-3-2017 – 977914 (നെന്മാറ)<br>വൗ.നം. 21601076/ 31-3-2017 – 99590(മുടപ്പല്ലൂർ) | 1077504 | തനത് ഫണ്ട് |
| 4 | 241/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് 9 | 32/ 29-3-2017 | 150000 | വികസന ഫണ്ട് |
| 5 | 242/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് 11 | 27/ 29-3-2017 | 116580 | വികസന ഫണ്ട് |

| | | | | |
|---|---|---|---|---|
| 6 | 243/17- വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ - വാർഡ് 6 | 28/ 29-3-2017 | 78213 | വികസന ഫണ്ട് |
| 7 | 244/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് 5 | 31/ 29-3-2017 | 121400 | വികസന ഫണ്ട് |
| 8 | 245/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് 1, 2, 4, 10, 14, 15 | വൗ.നം. 21601074/ 31-3-2017 | 654638 | തനത് ഫണ്ട് |
| ആകെ ഡെപ്പോസിറ്റ് ചെയ്ത തുക | | | 2287240 | |

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| | | | |
|---|---|---|---|
| 9 | 186/17-എസ്.സി കോളനികളിൽ തെരുവ് വിളക്ക സ്ഥാപിക്കൽ | 7/30-3-2017 | 365700 |

ഓഡിറ്റ് അന്വേഷണം നം. 2/11-8-2017, 9/13-8-2017 എന്നിവയുള്ള മറുപടിയിൽ പ്രവൃത്തികൾ തുടരുന്നുണ്ടെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർന്നുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ എഗ്രിമെന്റ് വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 168 പ്രവൃത്തികളിൽ 56 എണ്ണം മാത്രമാണ് തൻവർഷം ആരംഭിച്ചിട്ടുള്ളത്. തൻവർഷം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 70025035 രൂപയിൽ 13329154 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (19%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 3 |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 21 |
| 3 | റോഡ് ടാറിംഗ്/ റീടാറിംഗ് | 9 |
| 4 | റോഡ്-പാർശ്വഭിത്തി നിർമ്മാണം-ഡ്രൈനേജ് | 17 |
| 5 | കെട്ടിടം | 4 |
| 6 | പാലം | 1 |
| 7 | നെറ്റ് വർക്കിംഗ് | 1 |
| ആകെ | | 56 |

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.
4. ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/13-8-2017 നുള്ള മറുപടിയിൽ 2016-17 വർഷത്തെ പദ്ധതികൾ തയ്യാറാക്കുവാൻ വൈകിയതിനാലും പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള പരിശീലനത്തിലുണ്ടായ കാലതാമസവും ആയതിലെ മാറ്റവും കാരണം ടെണ്ടർ വൈകിയതിനാലാണ് ചെലവ് കുറഞ്ഞിട്ടുള്ളതെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-7 വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും

## ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്

അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. 2016-17

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 93/17-തിരുവഴിയാട് യു.പി സ്കൂൾ അറ്റകുറ്റപണി | 1500000 | 2 | 10000 | 500 | 14-3-2017 |
| 2 | 106/17- തോട്ടുംപള്ള പാലമൊക്ക് റോഡ് ഡ്രൈനേജ് | 500000 | 3 | 3000 | 150 | 14-3-2017 |
| 3 | 176/17- വിവിധ അങ്കണവാടിളുടെ റിപ്പയറിംഗ് | 700000 | 2 | 2800 | 140 | 14-3-2017 |
| 4 | 212/17-കാന്തളം ചീരമട റോഡ് അരികു സംരക്ഷണം | 1230000 | 2 | 10000 | 500 | 14-3-2017 |
| 5 | 218/17-ജി.യു.പി സ്കൂൾ മെയ്ന്റനൻസ് | 1058000 | 2 | 10000 | 500 | 14-3-2017 |
| 6 | 98/17-കുണ്ട് കാട് കാരക്കാട്ടു പറമ്പ് റോഡ് റീടാറിംഗ്&ഡ്രൈനേജ് | 700000 | 3 | 4200 | 210 | 17-1-2017 |
| 7 | 106/17-തോട്ടുംപള്ള പാലമൊക്ക് റോഡ് ഡ്രൈനേജ് | 500000 | 3 | 3000 | 150 | 17-1-2017 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 117/17-പാറക്കൽനായ്ക്കർ പാടം കോളനി റോഡ് | 598000 | 3 | 3600 | 180 | |
| 9 | 122/17-കുണ്ടിലിട്ടുവ് ശ്മശാനം റോഡ് അരിക് സംരക്ഷണം | 850000 | 3 | 4100 | 205 | |
| 10 | 153/17-ഒലിപ്പാറ കൊടിക്കരിമ്പ് റോഡ് റീടാറിംഗ് | 1000000 | 3 | 6000 | 300 | |
| 11 | 154/17-അടിപെരണ്ട പള്ളത്തുമട റോഡ് മെറ്റലിംഗ് | 738000 | 3 | 4500 | 225 | |
| 12 | 159/17-കോതാലംകുളമ്പ് റോഡ് റീടാറിംഗ് | 1150000 | 3 | 6900 | 345 | |
| 13 | 59/17-വീഴ്‌ലി കാന്തളം റോഡ് റീടാറിംഗ് | 594174 | 5 | 4800 | 240 | 5-10-2016 |
| ആകെ | | | | 72900 | 3645 | |

## 2. 2015-16

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 109/16-ചീതാവ് പുളിക്കച്ചിറ റോഡ് മെറ്റലിംഗ് | 570000 | 4 | 4800 | 240 | 21-1-2016 |
| 2 | 124/16-മന്ദം മൂല റോഡ് റീടാറിംഗ് | 765000 | 5 | 8000 | 400 | 21-1-2016 |
| 3 | 130/16-തിരുവഴിയാട് ചിറപ്പുറം റോഡ് റീടാറിംഗ് | 553000 | 2 | 2200 | 110 | 21-1-2016 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 131/16-പുത്തൻ തറ മുണ്ടിയംകുളം റോഡ് റീടാറിംഗ് | 670000 | 6 | 8400 | 420 | 10-2-2016 |
| 5 | 45/16-കയറാടി ജി.എൽ.പി സ്കൂൾ നവീകരണം | 1000000 | 2 | 4000 | 250 | 21-1-2016 |
| 6 | 150/16-പൂഞ്ചേരി ഓവുപാറ റോഡ് മെറ്റലിംഗ് | 798000 | 4 | 6400 | 320 | 21-1-2016 |
| 7 | 187/16-പാളിയമംഗലം പുത്തൻവീട്ട് റോഡ് മെറ്റലിംഗ് | 650000 | 4 | 5200 | 260 | 21-1-2016 |
| 8 | 195/16-നെല്ലിക്കാട്ടുപറമ്പ് നൊച്ചിവരമ്പ് റോഡ് ടാറിംഗ് | 520000 | 3 | 3300 | 165 | 21-1-2016 |
| 9 | 256/16-അയിലൂർ കൃഷി ഭവൻ, മൃഗാശുപത്രി കുടിവെള്ള പദ്ധതി | 500000 | 4 | 4000 | 250 | 21-1-2016 |
| 10 | 257/16-കൃഷി ഭവൻ നവീകരണം | 520001 | 3 | 3000 | 150 | 21-1-2016 |
| 11 | 284/16-അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഒന്നാം നില പൂർത്തീകരണം | 2102000 | 3 | 15000 | 750 | 10-2-2016 |
| 12 | 289/16-കുണ്ടിലിട്ടുവ് നടപ്പാലം അപ്രോച്ച് റോഡ് | 850000 | 2 | 3400 | 170 | 23-2-2016 |
| ആകെ | | | | 67700 | 3485 | |

ടെണ്ടർ ഫോറങ്ങളുടെ ആകെ വില – 140600 (72900 + 67700)

വാറ്റ് - 7130 (3645+3485)

ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാറ്റ് തുക സർക്കാരിലേക്കും ഒടുക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 14/16-8-2017 നുള്ള മറുപടിയിൽ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്

അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 52/17-ഹോമിയോ ആശുപത്രി അടിസ്ഥാന സൗകര്യം<br>അടങ്കൽ - 48180<br>കരാർ തുക - 48180 | 24-10-2016 | 6-11-2016 | 25-11-2016<br>നം. 6 | 1000 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ.സലീം.ഐ | | | | |
| 2 | 60/17- മല്ലംപാറക്കൽ കുണ്ടിലിടവ് റോഡ് മെറ്റലിംഗ്<br><br>അടങ്കൽ - 126630<br><br>കരാർ തുക - 126630<br><br>കരാറുകാരൻ - ശ്രീ.വി.രവീന്ദ്രൻ | 24-10-2016 | 6-11-2016 | 8-12-2016<br><br>നം. 7 | 1266 |
| 3 | 55/17- തിരുവഴിയാട് LP/UP സ്കൂൾ കെട്ടിടം നവീകരണം<br><br>അടങ്കൽ - 150000<br><br>കരാർ തുക - 150000<br><br>കരാറുകാരൻ - എസ്.കാസിം | 24-10-2016 | 6-11-2016 | 11-12-2016<br><br>നം. 4 | 1500 |
| ആകെ | | | | | 3766 |

ഓഡിറ്റ് അന്വേഷണം നം. 14/16-2017 നല്ല മറുപടിയിൽ ഈടാക്കുവാൻ വിട്ടുപോയ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തോട്കാട് കുടിവെള്ള പദ്ധതിയുടെ പഴയ

## മോട്ടോർ പഞ്ചായത്തിലേക്ക് തിരിച്ചേൽപ്പിച്ചില്ല

പ്രൊ.നം. 46/17

അടങ്കൽ - 72000

ചെലവ് - 62500 (ബിൽ നം. 1/19-10-2016)

കരാറുകാരൻ - ശ്രീ.വിനോദ് പോൾ

അളവു പുസ്തകം നം. 76/15-16

പദ്ധതി പ്രകാരം നടത്തിപ്പാറ കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിലെ നിലവിലുള്ള മോട്ടോറിന് പകരം പുതിയ 3 HP യുടെ ഒരു മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്.

പഴയ മോട്ടോർ പഞ്ചായത്തിലേക്ക് തിരികെ നൽകിതയായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 8/13-8-2017 നുള്ള മറുപടിയിൽ മോട്ടോർ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചേൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

മോട്ടോർ പ്രവർത്തനക്ഷമമാണെങ്കിൽ മറ്റേതെങ്കിലും കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കുവാനുള്ള സാധ്യത പരിഗണിക്കേണ്ടതും മോട്ടോർ ഉപയോഗ രഹിതമാണെങ്കിൽ ആയത് കയ്യൊഴിക്കേണ്ടതും ലഭ്യമാകുന്ന തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 പറയമ്പള്ളം എസ്.സി കോളനി കുടിവെള്ള പദ്ധതി - ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയില്ല

പ്രൊ.നം. 185/16 (37/17)-പറയമ്പള്ളം എസ്.സി കോളനി കുടിവെള്ള പദ്ധതി

അടങ്കൽ - 165000

ചെലവ് - 94625 (ബിൽ നം. 2/19-10-2016)

കരാറുകാരൻ - ശ്രീ.വിനോദ് പോൾ

അളവു പുസ്തകം നം. 78/15-16

ബോർവെൽ കുഴിക്കൽ, മോട്ടോർ ഷെഡ്ഡ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ വലിക്കൽ, വൈദ്യുതി ബോർഡിൽ ഓ.വൈ.സി തുക ഒടുക്കൽ എന്നീ ഇനങ്ങളാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

കരാറുകാരൻ ബോർവെൽ കുഴിക്കുകയും പമ്പ് ഹൗസ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോറും പാനലും സ്ഥാപിക്കാത്തതിനാൽ വൈദ്യുതി ബോർഡിൽ ഓ.വൈ.സി ഒടുക്കുവാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ അസി. എഞ്ചിനിയർക്ക് 23-6-2016 ന് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാരണത്താൽ പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിക്കുകയും കരാറുകാരന് ബിൽ തുക അനുവദിക്കുയും ചെയ്തിട്ടുണ്ട്.

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 ലെ ഖണ്ഡിക 11.13.xiv(ഡി) പ്രകാരം കുടിവെള്ള പദ്ധതിയുടെ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. ഫണ്ടിന്റെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്റ്റ് ആവിഷ്കരിക്കാവുന്നതാണ്.

മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഉൾപ്പെടുത്താതെ പമ്പ് ഹൗസും, വൈദ്യുതി കണക്ഷനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ ഭാഗികമായി മാത്രം തുക ചെലവഴിച്ച് മാർഗ്ഗരേഖയുടെ ലംഘനമായി വിലയിരുത്തുന്നു.

പദ്ധതിക്കായി അനുവദിച്ച തുക തികയാതെ വന്നതിനാലാണ് മോട്ടോർ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 8/13-8-2017 നുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതാത് വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-11** വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി **(ODF)-** അയിലൂർ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/- രൂപ സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

2016-17 വർഷത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്ടിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 85/17- വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ - 7392000 (4181500-വികസന ഫണ്ട്+3210500-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ-I

ചെലവ് - 6776000 രൂപ

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/16-17/ 29.8.16 | 385000 |
| 2 | 2/16-17/ 23.9.16 | 477400 |
| 3 | 3/ 16-17/ 28.9.16 | 3319100 |
| 4 | 4/16-17/ 7.10.16 | 2440500 |
| 5 | 12/16-17/ 28.2.17 | 38500 |
| 6 | 15/16-17/ 18.3.17 | 61600 |

| | | |
|---|---|---|
| 7 | 18/16-17/23.3.17 | 53900 |
| ആകെ | | 6776000 |

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് 561 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷം കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 440 പേർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും 6776000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വ മിഷൻ മുഖേന 3870000 രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തുക | അക്കൗണ്ട് |
|---|---|---|---|
| 1 | 874695/27.12.16 | 1806000 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ ശാഖ അക്കൗണ്ട് നം-339502010017831 |
| 2 | 111536/17.3.17 | 2064000 | |
| ആകെ | | 3870000 | |

സി. കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് കേന്ദ്രവിഹിതം വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

ഇ. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

28.9.2016 ലെ ഭരണസമിതിയുടെ 3(2) തീരുമാന പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള തുടർ പദ്ധതികളുടെ നടത്തിപ്പ് ഊർജ്ജിതമാക്കേണ്ടതാണ്. കേന്ദ്ര ഫണ്ടിലെ ബാക്കി തുക ഉചിതമാർഗ്ഗേന തിരിച്ചടക്കേണ്ടതാണ്.

തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.4/11.8.17)

## 3-12 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടികൾ ആവശ്യപ്പെടുന്നു

പ്രൊജക്റ്റ് നമ്പർ-5/17-ജവഹർ ലാൽ നെഹ്റു ഭവന പദ്ധതി-ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I

അടങ്കൽ-1000000(വികസനഫണ്ട്)

ചെലവ്-720000

പദ്ധതി നടത്തിപ്പിൻെറ ഭാഗമായി ഭാഗികമായി ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിൻെറ പേര് | വകയിരുത്തിയ ധന സഹായം | കൈപ്പറ്റിയ ധന സഹായം | ബാക്കി |
|---|---|---|---|
| ശ്രീമതി.രേണുകാ ദേവി, W/o. ബാലകൃഷ്ണൻ, തെങ്ങിൻപാടം | 200000 | 20000 | 180000 |
| ശ്രീമതി. സുഭദ്ര, W/o രാമൻ | 200000 | 190000 | 10000 |
| ശ്രീമതി. പാർവ്വതി, W/o കൃഷ്ണദാസ് | 200000 | 190000 | 10000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
(ഓഡിറ്റ് അന്വേഷണം നം.5/11.8.17)

## 3-13 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകങ്ങൾ

I. ട്രഷറിയിൽ നിന്നും പിൻവലിച്ച വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് വർഷങ്ങൾ കഴിഞ്ഞ് തിരിച്ചടച്ചു

മുൻ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൻെറ ഭാഗമായി ട്രഷറിയിൽ നിന്നും പിൻവലിച്ച് കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ച തുക (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ ശാഖ-അക്കൗണ്ട് നം.339502010000 8298) പദ്ധതി നടപ്പാക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ സർക്കാരിലേക്ക് തിരികെ ഒടുക്കിയതായും ശ്രദ്ധയിൽപ്പെട്ടു. തുക സർക്കാരിലേക്ക് ഒടുക്കിയതിൻെറ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചാലാൻ നമ്പരും തിയ്യതിയും | തുക |
|---|---|---|
| 1 | 242/6.4.16 | 13495 |
| 2 | 243/6.4.16 | 14425 |
| 3 | 245/6.4.16 | 1146815 |
| ആകെ | | 1174735 |

തുക ചെലവഴിക്കാതെ വർഷങ്ങളോളം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും പിന്നീട് സർക്കാരിലേക്ക് തിരികെ ഒടുക്കുവാനുമുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/14-8-17 നുള്ള മറുപടിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ജനകീയസൂത്രണ പദ്ധതിപ്രകാരം പച്ചക്കറി കൃഷി ചെയ്ത 25 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നതിനായി 16-3-2015 തിയ്യതിയിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 625000 രൂപ പദ്ധതി നടപ്പിലാകാത്തതിനെ തുടർന്ന് അക്കൗണ്ടിൽ സൂക്ഷിക്കുകയും പിന്നീട് വന്ന കൃഷി ഓഫീസർ സർക്കാരിലേക്ക് ഒടുക്കുകയുമാണുണ്ടായതെന്നും പ്രസ്തുത അക്കൗണ്ടിലെ ബാക്കി തുക മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ടി തുകകൾ ഏതെല്ലാം പദ്ധതികൾക്കായി പിൻലിച്ചതാണെന്ന് വിശദീകരിക്കുവാൻ സാധിക്കുന്നില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. ആവശ്യകത വിലയിരുത്താതെ വികസനഫണ്ട് പിൻവലിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പദ്ധതികളുടെ മോണിറ്ററിംഗ് ശക്തമാക്കി ഇത്തരത്തിലുള്ള അപാകത ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

II. കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതും അക്കൗണ്ടിലെ തുക തിരികെ ഒടുക്കേണ്ടതുമാണ്

കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ ശാഖ-അക്കൗണ്ട് നം.339502010000 8298) അക്കൗണ്ടിൽ 8.8.17 തിയ്യതിയിൽ 249294 രൂപ ബാലൻസ് ഉള്ളതായി കണ്ടു. തുകയുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ടി തുകയിൽ 65347 രൂപ NEFT TRANSFER ആവാതെ വന്ന തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കി ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

III. കർഷകരുടെ അക്കൗണ്ടുകളിൽ തുക ക്രെഡിറ്റിൽ വന്നില്ല-നടപടികൾ ആവശ്യപ്പെടുന്നു.

ഉഴവുകൂലി, ഉല്പാദന ബോണസ് എന്നീ പദ്ധതികൾക്കായി ലഭിച്ച തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിനായി സ്റ്റേറ്റ്മെന്റ് സഹിതം ബാങ്കിലേക്ക് അപേക്ഷ നല്കിയിരുന്നെങ്കിലും പല അക്കൗണ്ടുകളിലേക്കും തുക മാറ്റിയിട്ടില്ല. ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റിൽ വരാത്ത തുക |
|---|---|---|
| 1 | ഉല്പാദന ബോണസ്-2014-15 | 4165 |
| 2 | ഉല്പാദന ബോണസ്-2015-16 | 23752 |
| 3 | ഉഴവുകൂലി 2016-17 | 37430 |
| ആകെ | | 65347 |

കൃഷി ഓഫീസറുടെ പേരിലുള്ള യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ ശാഖയിലുള്ള അക്കൗണ്ടിൽ അവശേഷിക്കുന്ന തുക കർഷകരുടെ അക്കൗണ്ടിലേക്ക് നല്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV. ഉഴവുകൂലി-ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

ഉഴവുകൂലി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും ജില്ലാപഞ്ചായത്ത് വിഹിതമായും ലഭ്യമായ തുക തനത്ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.
(അയിലൂർ സർവ്വീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നം.100).
വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ചെക്ക്/ ഡി.ഡി നമ്പരും തിയ്യതിയും | തുക |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 000433/19.3.16 | 421515 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 139138/11.4.16 | 826500 |
| ആകെ | | | 1248015 |

തുക കൃഷി ഓഫീസർക്ക് പദ്ധതി നടത്തിപ്പിനായി നൽകേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1. പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1314875 രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ട്രഷറി അക്കൗണ്ട് - സബ് ട്രഷറി, കൊല്ലങ്കോട്
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 479612 |
| വരവ് | 1531501 |
| ആകെ | 2011113 |
| ചെലവ് | 696238 |
| നീക്കിയിരിപ്പ് | 1314875 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം

ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തൽ

ഗ്രമപഞ്ചായത്തിൽ ആകെ 42 അങ്കണവാടികളാണുള്ളത്. ഇതിൽ 4 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 5 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 7 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. 37 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഉണ്ട്. 38 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഉണ്ടെങ്കിലും അവയൊന്നും ബേബി ഫ്രണ്ട്‌ലി അല്ല.
അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലറിൽ ആരോഗ്യമേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങളെ പോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങളുടെ പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.
അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതം – ലാബ് റിപ്പോർട്ട് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 6 പോഷകാഹാര പരിപാടികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാര പരിപാടിക്കായി വികസനഫണ്ടിൽ നിന്ന് 3540600 രൂപയും കേന്ദ്രഫണ്ടിൽ നിന്ന് 1444720 രൂപയും വകയിരുത്തിയതിൽ 2647921 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക്

വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5-6-2010, 1-2-2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഭക്ഷ്യമിശ്രിതത്തിൻെറ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിലേക്ക് പരിശോധയ്ക്കായി അയക്കുന്നുണ്ടെങ്കിലും ലാബ് റിപ്പോർട്ടുകൾ സമയാസമയങ്ങളിൽ ലഭ്യമാകുന്നില്ല എന്നു കാണുന്നു. ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22-3-2011 ഖണ്ഡിക (സി)1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രാകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനിയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.
ഓഡിറ്റ് അന്വേഷണം നം.3/11.8.2017 പ്രകാരവും 17-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 കറവപശു വളർത്തൽ - സബ്സിഡി മാനദണ്ഡത്തിന് വിരുദ്ധമായി അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചു

പ്രൊജക്ട് നം. - 70/17

അടങ്കൽ - 1190000 (വികസന ഫണ്ട്-510000+ബാങ്ക് വായ്പ-680000)

ചെലവ് - 240000

ബിൽ നം. - 2/16-17 തിയതി - 28-3-2017
നിർവ്വഹണം-വെറ്റിനറി സർജൻ

ഉത്പാദന മേഖലയിലെ വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ളതാണ് കറവപശു വളർത്തൽ (ജനറൽ) എന്ന പ്രൊജക്ട്. 35000 രൂപ വില മതിക്കുന്ന കറവപശുവിന് 15000 രൂപ പഞ്ചായത്തിൽ നിന്നുള്ള സബ്സിഡിയും 20000 രൂപ ബാങ്ക് വായ്പയുമാണ് ധന സ്രോതസ്സുകൾ. 34 ഗുണഭോക്താക്കൾക്ക് 15000 രൂപ സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ തൻ വർഷം 16 പേർക്ക് 15000 രൂപ സബ്സിഡി നൽകി ആകെ 240000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
പദ്ധതിരേഖകളുടെ പരിശോധനയിൽ ആനുകൂല്യം കൈപ്പറ്റിയ 16 ഗുണഭോക്താക്കളിൽ ഒരാൾക്ക് സബ്സിഡി തുകയായ 15000 രൂപ നൽകിയത് ക്രമപ്രകാരമല്ലെന്ന് കണ്ടെത്തി. പ്രൊജക്ട് മാനദണ്ഡങ്ങൾ പ്രകാരവും 12ാം പദ്ധതിയുടെ പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.4/2016 /തസ്വഭവ/11.1.2016, ഖണ്ഡിക 3.2 പ്രകാരവും വാർഷിക വരുമാന പരിധി 50000 രൂപയിൽ താഴെയുള്ളവർക്ക് മാത്രമാണ് ഉത്പാദന മേഖലയിലെ ഇത്തരം സബ്സിഡി ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ സബ്സിഡി തുക കൈപ്പറ്റിയ ശ്രീമതി.ലിസ്സി രാജു എന്ന ഗുണഭോക്താവിന്റെ വാർഷിക വരുമാനം 108000 രൂപ എന്നാണ് കയറാടി വല്ലേജ് ഓഫീസിൽ നിന്നുമുള്ള വരുമാന സ്രട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (സർട്ടിഫിക്കറ്റ് നം.23798586 തിയതി 18-3-2017).
ആകെ 120 പേരടങ്ങിയ ഗുണഭോക്തൃ ലിസ്റ്റും അത്രയും ഗുണഭോക്താക്കളുടെ അപേക്ഷകളും ഓഡിറ്റിനു ഹാജരാക്കുകയുണ്ടായി. 120 അപേക്ഷകരുണ്ടായിട്ടും ആകെ 16 പേർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളൂ എന്നതും അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചതും പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പാളിച്ചയായി ഓഡിറ്റ്

വിലയിരുത്തുന്നു.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/11-8-2017 നുള്ള മറുപടിയിൽ "16 പേർക്ക് മാത്രമാണ് ബാങ്ക് വായ്പ ലഭ്യമായത് എന്നും ശ്രീമതി.ലിസ്സി രാജു എന്ന ഗുണഭോക്താവിന്റെ വാർഷിക വരുമാനം 50000 രൂപയ്ക്ക് മുകളിലായിട്ടും സബ്സിഡി അനുവദിച്ചത് പദ്ധതി നടപ്പിലാക്കിയതിൽ വന്ന പിഴവാണ് എന്നുമാണ്." ആയതിനാൽ അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ സബ്സിഡി തുക 15000 രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം. - 71/17

അടങ്കൽ-1250000 (312500-വികസന ഫണ്ട് + 312500-സംസ്ഥാനാവിഷ്കൃത ഫണ്ട് + 625000 - മറ്റുള്ളവ)

ചെലവ് - 131250 (വികസന ഫണ്ട്)

ബിൽ നമ്പർ -1 /28-3-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

21 ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 6250 രൂപ വീതം ആകെ 131250/- രൂപ പാലക്കാട് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ- 00008, സബ്ട്രഷറി, പാലക്കാട്). തുക കൈപ്പറ്റിയതിന്റെ രേഖകളും പദ്ധതിതുക വിനിയോഗിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നില്ല

പ്രൊജക്ട് നം. - 74/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

അടങ്കൽ - 50000 (വികസന ഫണ്ട്)

ചെലവ് - 50000

ബിൽ നം. - 2/16-17, തിയതി - 22-3-2017

2016-17 വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തിയിട്ടുണ്ട്. 20 ഗുണഭോക്താക്കൾക്ക് 2500 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ എസ്.എം.എച്ച്.എസ് അയിലൂർ, ജി.യു.പി.എസ്, തിരുവഴിയാട് എന്നീ സ്കൂളുകളിലെ 8 വിദ്യാർത്ഥികൾക്ക് 6250 വീതം (6250*8=50000) നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൈകല്യത്തിന്റെ സ്വഭാവം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മാനസിക വെല്ലുവിളി | 4 |
| 2 | സെറിബ്രൽ പാൾസി | 3 |
| 3 | കാഴ്ച വൈകല്യം | 1 |

12ാം പദ്ധതിയുടെ 2016-17 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ

ജി.ഒ.(എം.എസ്)നം. 4/2016/തസ്വഭവ/11.1.2016, ഖണ്ഡിക 5.8 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് വൈകല്യത്തിന്റെ അടിസ്ഥാനത്തിലോ, വിദ്യാർത്ഥി പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിലോ അല്ല ധനസഹായം നൽകിയിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തിൽ, പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ 4800 രൂപ മുതൽ 12000 രൂപ വരെയും, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം വർഷത്തിൽ 12000 രൂപ കൂടാതെ മറ്റു വാർഷിക ബത്തകളും അനുവദിക്കാവുന്നതാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതി രൂപീകരണ വേളയിൽത്തന്നെ സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ഇത്തരം വിഭാഗത്തിൽപ്പെട്ട പരമാവധി പേർക്ക് നിയമപ്രകാരം അർഹമായ ആനുകൂല്യത്തിനുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

## വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1320000 | ഉഴവുകൂലി | 1320000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 826500 | ഉഴവുകൂലി | 0 | 826500 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 275000 | മിൽക്ക് ഇൻസന്റീവ് | 275000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി – കേരള സംസ്ഥാന വൈദ്യുതി ബോർഡ്

| പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| 240/17-സമ്പൂർണ്ണ വൈദ്യുതീകരണം | 18/22-2-2017 | 282820 | 282820 | സാക്ഷ്യപത്രം ലഭിച്ചു. | 0 |
| 10/17- വൈദ്യുതി ലൈൻ വലിക്കൽ-വാർഡ് 8 | 29/29-3-2017 | 50000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | | |
| 22/17-വൈദ്യുതി ലൈൻ | 30/29-3-2017 | 38905 | | | |

| | | | |
|---|---|---|---|
| ദീർഘിപ്പിക്കൽ- ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ | | | |
| 213/17-വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ വലിക്കൽ | വൗ.നം. 21601075/ 31-3-2017 – 977914 (നെന്മാറ)<br>വൗ.നം. 21601076/ 31-3-2017 – 99590(മുടപ്പല്ലൂർ) | 1077504<br>തനത് ഫണ്ട് | |
| 241/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് - വാർഡ് 9 | 32/ 29-3-2017 | 150000 | |
| 242/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് - വാർഡ് 11 | 27/ 29-3-2017 | 116580 | |
| 243/17- വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ - വാർഡ് - വാർഡ് 6 | 28/ 29-3-2017 | 78213 | |
| 244/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് - വാർഡ് 5 | 31/ 29-3-2017 | 121400 | |
| 245/17-വൈദ്യുതി ലൈൻ ദീർഘി പ്പിക്കൽ-വാർഡ് - വാർഡ് 1, 2, 4, 10, 14, 15 | വൗ.നം. 21601074/ 31-3-2017 | 654638<br>തനത് ഫണ്ട് | |
| 186/17-എസ്.സി കോളനികളിൽ തെരുവു വിളക്ക സ്ഥാപിക്കൽ | 7/30-3-2017 (അസി.സെക്രട്ടറി) | 365700 | |

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 45780 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2012-13, 2013-14 & 2014-15 | 3-25 | 45780 (ഭാഗിക മായി ഒടുക്കിയ തുക) | 11602104234/ 22-3-2017 -34300<br>11602104273/ 24-3-2017- 3360<br>11602104273/ 24-3-2017- 1400<br>11602104438/ 31-3-2017- 5880<br>11602104439/ 31-3-2017- 840 | ശ്രീ.സി.ബി. മനോജ്കുമാർ,<br>അസി.എഞ്ചിനിയർ |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 62780550 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58932475 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18766 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | - | 3766 (Fine) | ശ്രീ.തോമസ്.പി.ജോൺ<br>അസി.എഞ്ചിനിയർ |
| 3-15 | - | 15000 | ഷെനിൻ.പി.മെഴ്സ്ലി<br>സീനിയർ വെറ്ററിനറി സർജ്ജൻ |
| ആകെ | | 18766 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.തോമസ്.പി.ജോൺ<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>അയിലൂർ ഗ്രാമപഞ്ചായത്ത് | പൂച്ചാലിൽ വീട്<br>പുത്തൻവേലിക്കര പി.ഒ<br>നോർത്ത് പറവൂർ,<br>എറണാകുളം-683594 |
| ശ്രീമതി ഷെനിൻ.പി.മെഴ്സ്ലി<br>സീനിയർ വെറ്ററിനറി സർജ്ജൻ | സീനിയർ വെറ്ററിനറി സർജ്ജൻ<br>അയിലൂർ ഗ്രാമപഞ്ചായത്ത് | പയ്യാപ്പിള്ളി വീട്<br>മേലേമുരളി<br>ഇൻഡസ്ട്രിയർ എസ്റ്റേറ്റ് (പി.ഒ)<br>പാലക്കാട്-678731 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാ ക്കുവാൻ അവശേ ഷിക്കുന്ന ഖണ്ഡി കകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |

| | | |
|---|---|---|
| 2009-2010<br>2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |
| 2012-13,<br>2013-14 &<br>2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

**1**

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി.പി18-1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തിയതി 08.09.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. വിവിധ ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
എ. വാടക
ബി. ലേലം

4. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള തുക മാറുന്നതിനായി കൃഷി ഓഫീസറുടെ പേരിൽ യൂണിയൻ ബാങ്കിൽ നിലവിൽ 249294 രൂപ നീക്കിയിരിപ്പായുണ്ട്.

6. താഴെ പറയുന്ന ഉപയോഗ രഹിതമായ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,അയിലൂർ | 8200 | 1094737 | നോൺ ബാങ്കിംഗ് ട്രഷറി നിലവിലുണ്ടായിരുന്ന കാലയളവിൽ ഇടപാടുകൾക്കായി തുറന്ന അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല. |
| 2 | കനറാ ബാങ്ക്, കയറാടി | 6367 | 432697 | എസ്.എസ്.എ |
| 3 | യൂണിയൻ ബാങ്ക് | 13515 | 222874 | ബി.ആർ.ജി.എഫ് |

| | | | | | |
|---|---|---|---|---|---|
| | ഓഫ് ഇന്ത്യ,അയിലൂർ | | | | |

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-P18-1645/2017

Kerala State Audit Department

District Audit Office

Palakkad

Date –08.09.2017.

## Audit Certificate

Certified that I have audited the Annual Financial Statement of Ayiloor Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ayiloor Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
Amount shown in various demand registers not in agreement with AFS
a. Rent
b. Auction

3. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

4. There is a closing balance of Rs. 249294 in the Union Bank account of Agricultural officer, which is used to transfer fund of Individual Beneficiaries.
5. The following non operating accounts are not closed till date.

| Sl. No. | Bank | Account Number | Closing Balance | Remarks |
|---|---|---|---|---|
| 1 | Union Bank of India, Ayilur | 8200 | 1094737 | Account opened for the transactions during Non-Banking Treasury period not yet closed. |
| 2 | Canara Bank, Kayaradi | 6367 | 432697 | SSA |
| 3 | Union Bank of India, Ayilur | 13515 | 222874 | BRGF |

Deputy Director .

**2**

# അനുബന്ധം-2 അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16, 2016-17 വർഷങ്ങളിലെ വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം വിലയിരുത്തൽ

I. 2015-16 വർഷം

എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് (അപ്പന്റിക്സ് IV പ്രകാരം) | മുൻ ബാക്കി | തൻ വർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് % | സഞ്ചിത നിധി യിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 13402000 | 6573998 | 9432054 | 16006052 | 16006052 | 100 | - |
| വികസന ഫണ്ട് എസ്.സി.പി | 6818000 | 2515550 | 6336845 | 8852395 | 8499780 | 96 | 352615 |
| വികസന ഫണ്ട് ടി.എസ്.പി | 389000 | 127900 | 343134 | 471034 | 471034 | 100 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 22978000 | 7419157 | 20107438 | 27526595 | 27526595 | 100 | - |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 3958000 | 3063764 | 2448898 | 5512662 | 5111996 | 93 | 400666 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6816000 | 6134105 | 8457258 | 14591363 | 7332297 | 50 | 7259066 |
| ലോക ബാങ്ക് സഹായം | - | 4726009 | 0 | 4726009 | 2474389 | 52 | 2251620 |
| ആകെ | 54361000 | 30560483 | 47125627 | 77686110 | 67422143 | 87 | 10263967 |

ബി. കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

2015-16 വർഷത്തിൽ ലോകബാങ്ക് സഹായമായി തുകയൊന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തൻവർഷം 52% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

സി. ധനകാര്യ കമ്മീഷൻ വിനിയോഗം കാര്യക്ഷമമല്ല

തൻവർഷം 50% തുക മാത്രമാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടിള്ളത്.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | വകയിരുത്തിയ തുക | ചെലവ് | തൻവർഷത്ത ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2467445 | 2223395 | 90 |
| വി.ഇ.ഒ - 1 | 6 | 4 | 2863500 | 1575000 | 55 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ - 2 | 5 | 1 | 4286400 | 45000 | 1.05 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 2815950 | 2708138 | 96 |
| സെക്രട്ടറി | 47 | 30 | 9210454 | 6797456 | 74 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 184 | 154 | 55004943 | 46151831 | 84 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 879300 | 822108 | 93 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 423275 | 423275 | 100 |
| എച്ച്.എം | 8 | 8 | 1766190 | 1693990 | 96 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 900000 | 100 |
| അസി.സെക്രട്ടി | 8 | 8 | 4581950 | 4081950 | 89 |
| ആകെ | 275 | 219 | 85199407 | 67422143 | 80 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 80% എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കപ്പെട്ട തുകയിൽ 80% തുക ചെലവഴിച്ചിട്ടുണ്ട്.

സേവന മേഖലയിലെ ഭൂരിഭാഗം പദ്ധതികളുടെ നടപ്പിലാക്കുന്ന വി.ഇ.ഒ മാരുടെ ചെലവ് തൻ വർഷം വളരെ കുറവാണ്.

2015-16 വർഷത്തിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമായി നടന്നിട്ടില്ല എന്ന് വിലയിരുത്തുന്നു.

II. 2016-17 വർഷം

<u>എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം</u>

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധി യിലേക്ക് |
|---|---|---|---|---|---|---|

| | (അപ്പന്റിക്സ് IVപ്രകാരം) | പ്രകാര മുള്ള വരവ് | | | | തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 13299000 | 14817849(*) | 14817849 | 14817849 | 100 | - |
| വികസന ഫണ്ട് എസ്.സി.പി | 7636000 | 3721424 | 3721424 | 3721424 | 49 | 3914576 |
| വികസന ഫണ്ട് ടി.എസ് .പി | 436000 | 44313 | 44313 | 44313 | 10 | 391687 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 25303000 | 6505578 | 6505578 | 6505578 | 26 | 18797422 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4358000 | 1255171 | 1255171 | 1255171 | 29 | 3102829 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8187000 | 9131933(*) | 9131933 | 9131933 | 100 | - |
| ലോക ബാങ്ക് സഹായം | 2251620 | 2147707 | 2147707 | 2147707 | 95 | 103913 |
| ആകെ | 61470620 | 37623975 | 37623975 | 37623975 | 61 | 26310427 |

(*) പൊതുവിഭാഗം ഫണ്ടിലും ധനകാര്യ കമ്മീഷൻ ഗ്രാന്റിലും അധിക വിഹിതം ലഭ്യമായിട്ടുണ്ട്.

ബി. ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

എസ്.സി.പി, ടി.എസ്.പി, മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഇനങ്ങളുടെ ചെലവ് 50% ൽ താഴെ മാത്രമാണ്.

സി. ലോകബാങ്ക് സഹായത്തിന്റെ വിനിയോഗം

2015-16 വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയ കെ.എൽ.ജി.എസ്.ഡി.പി ഫണ്ടിൽ (ലോക ബാങ്ക്) 2251620 രൂപ സ.ഉ(എം.എസ്) നം.797/2017/ഫിൻ തിയതി 1-2-2017 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. ആയതിൽ 95% തുക ചെലവഴിച്ചിട്ടുണ്ട്.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2224050 | 2140000 | 96 |
| വി.ഇ.ഒ -1 | 5 | 4 | 2038500 | 1290000 | 63 |
| വി.ഇ.ഒ -2 | 5 | 3 | 11171000 | 8846000 | 79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 3956447 | 3770866 | 95 |
| സെക്രട്ടറി | 35 | 19 | 8003759 | 3309615 | 41 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 168 | 56 | 46258037 | 12558084 | 27 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 457192 | 361863 | 79 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ISM | 3 | 2 | 770000 | 600000 | 78 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 1152500 | 371250 | 32 |
| എച്ച്.എം | 4 | 4 | 1111000 | 1111000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 899597 | 100 |
| അസി.സെക്രട്ടറി | 8 | 4 | 5916713 | 2365700 | 40 |
| ആകെ | 247 | 107 | 83959198 | 37623975 | 45 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 45% മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്കായി നീക്കിവെച്ച തുകയിൽ 58% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

സെക്രട്ടറി, അസി.സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ, വെറ്ററിനറി സർജ്ജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 45%ൽ താഴെ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2015-16 വർഷത്തേക്കാൾ 35% കുറവായാണ് ഫണ്ട് ചെലവഴിച്ചട്ടുള്ളതെന്നത് ആശാവഹമല്ലെന്ന് വിലയിരുത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആരംഭിക്കുകയും ഓരോ നിർവ്വഹണ ഉദ്യോഗസ്ഥും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്താൽ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.